# സ്നേഹത്തോടെ മലർവാടിക്ക്...





## മികച്ച കത്ത്

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത് **ഹുദ അഫ്രിൻ** ആണ്. കത്തെഴുതിയ നകൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിനന്ദനങ്ങൾ.

ഞാൻ ചെറുപ്പം മുതലേ മലർവാടി കാണാറുണ്ട്. എനിക്ക് അന്നൊന്നും മലയാളം വായിക്കാൻ അറിയില്ലായിരുന്നു. അപ്പോഴൊക്കെ എനിക്ക് വലിയവരാണ് കഥ പറഞ്ഞു തന്നിരുന്നത്.

ഞാൻ ചിത്ര കഥകൾ മാത്രമാണ് വായിച്ചിരുന്നത്. പക്ഷേ ഇപ്പോൾ എല്ലാം വായിക്കും. ഞാനും സഹോദരങ്ങളും എപ്പോഴും മലർവാടിക്കു വേണ്ടി അടിയാണ്. നല്ല നല്ല അറിവുകൾ നൽകുന്ന മലർവാടിക്ക് നന്ദി!

**മറിയം ലുബൈന**

ക്ലാസ് 8, ജി.എച്ച്.എസ്.എസ്, കുമ്പള

പ്രിയ മലർവാടി,

എനിക്ക് നിന്നെ വളരെ ഇഷ്ടമാണ്. നിന്റെ കഥകളും കവിതകളും ഞാൻ വായിക്കാറുണ്ട്. പൂച്ചപ്പോലീസ്, ഫേസ്ബുക്ക് കിട്ടു, പട്ടാളം പൈലി ഇവയെല്ലാം എനിക്ക് വളരെ വളരെ ഇഷ്ടമാണ്.

നിന്നിലെ ഓരോ കഥയും വളരെ ക്രിയാത്മകമാണ്. ഈ കഥകളെല്ലാം കൂടുതൽ വായിക്കാൻ എന്നെ പ്രോത്സാഹിപ്പിക്കുന്നു.

മലർവാടിക്ക് എന്റെ എല്ലാ ആശംസകളും.

**സയ സുരാജ്.**

ക്ലാസ് 6. ദ ഡെൽറ്റ സ്റ്റഡീസ്.

ഫോർട്ട് കൊച്ചി - 2



പ്രിയ മലർവാടീ,

മറ്റു പ്രസിദ്ധീകരണങ്ങളെക്കാൾ എനിക്ക് മലർവാടിയോടാണിഷ്ടം. പ്രത്യേകിച്ച് പൂച്ചപ്പോലീസ്. പൂച്ചപ്പോലീസിന്റെ തുടർലക്കം എന്തായിരിക്കും എന്ന തിടുക്ക ത്തിലാണ് ഞാൻ.

ഒരു പാട് അറിവുകൾ പകർന്നുതരുന്ന 'വൈറൽ' ഞാൻ മുടങ്ങാതെ വായിക്കാ റുണ്ട്. മലർവാടിയിൽ ചിത്രകഥകൾ കുറഞ്ഞു വരുന്നുണ്ട് കേട്ടോ! അത് ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഹുദ അഫ്രിൻ, അരിപ്ര**

ക്ലാസ് 8

എ.എം.എച്ച്.എസ്.എസ്, തിരൂർക്കാട്

പ്രിയപ്പെട്ട മലർവാടിക്ക്,

ഞാൻ നിന്റെ സ്ഥിരം വായനക്കാരിയാണ്. ആദ്യമായിട്ടാണ് കത്തെഴുതുന്നത്. നിന്നിൽ വരുന്ന കത്തുകളെല്ലാം ഞാൻ വായിക്കാറുണ്ട്. അപ്പോൾ എനിക്കും തോന്നി ഒരു കത്തെഴുതിയാലെന്താ എന്ന്.

പട്ടാളം പൈലിയാണ് ഞാൻ ആദ്യം വായിക്കാറ്. കളിമുറ്റം, പദപ്രശ്നം എന്നിവയെല്ലാം എനിക്ക് ഇഷ്ടമാണ്. പൊട്ടാസും ഇട്ടൂസും പോലുള്ള തമാശ ക്കഥകൾ എനിക്ക് ഇഷ്ടമാണ്. മലർവാടി ഞാൻ സൂക്ഷിച്ചുവെക്കാറുണ്ട്.

**റിൻഷ. കെ**, ക്ലാസ് 9

ജി.വി.എച്ച്.എസ്. സ്കൂൾ, മങ്കട

2018 ഡിസംബർ16 ലക്കത്തിൽ പേജ് 50 ൽ മുൻ ലക്കത്തിലെ കാർട്ടൂണുകൾ ആവർത്തിച്ചിരിക്കുന്നു. തെറ്റ് പറ്റിയതിൽ ഖേദിക്കുന്നു.

**-പത്രാധിപർ**

**നിങ്ങളുടെ കത്തുകൾ**
**മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്-12. കൂടാതെ** malarvadimag@gmail.com **എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.**